(2) ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിലെ കാലതാമസം സംബന്ധിച്ച്

2018 മാർച്ച് മാസം 13-ാം തീയതി ധനകാര്യം പരിഗണിക്കുന്നതിന് മുമ്പായി, 2013-ൽ നിലവിൽ വന്ന തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലാ ആക്ടിന് ചട്ടങ്ങൾ രൂപീകരിക്കാത്തത് ബിരുദങ്ങൾ നൽകുന്നതുൾപ്പെടെ സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ടെന്നും കൂടാതെ 2016-ൽ നിലവിൽ വന്ന കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ടിനും ഇതുവരെ ചട്ടങ്ങൾ രൂപീകരിച്ചിട്ടില്ലെന്നും നിയമസഭയുടെ അന്തസ്സ് നിലനിർത്തുന്നതിനും നിയമനിർമ്മാണംകൊണ്ട് ജനങ്ങൾക്ക് ഉപകാരം ലഭിക്കുന്നതിനും നിയമം വഴി രൂപീകൃതമായ സ്ഥാപനങ്ങൾ നന്നായി മുന്നോട്ടു കൊണ്ടുപോകുന്നതിനും അടിയന്തരമായി ചട്ടങ്ങൾ രൂപീകരിക്കേണ്ടത് അനിവാര്യമാണെന്നും ഒരംഗം ക്രമപ്രശ്നം ഉന്നയിക്കുകയുണ്ടായി.

2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലാ നിയമത്തിന്റെ വകുപ്പ് 58 അനുസരിച്ച് പ്രഥമ സ്റ്റാറ്റ്യൂട്ട് തയ്യാറാക്കേണ്ടത് സർക്കാരാണെന്നും കേരള നിയമസഭയുടെ വിദ്യാഭ്യാസം സംബന്ധിച്ച

സബ്ജക്റ്റ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനായി സ്റ്റാറ്റ്യൂട്ടിന്റെയും ഉപചട്ടങ്ങളുടെയും കരടുകൾ സർക്കാരിന് ലഭ്യമാക്കാൻ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാലാ രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സർവ്വകലാശാലയിൽ അദ്ധ്യാപകരെ നിയമിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനായി അദ്ധ്യാപക നിയമനം ഉൾപ്പെട്ട സ്റ്റാറ്റ്യൂട്ടിന്റെ പ്രധാന ഭാഗം സർക്കാർ ഉത്തരവുപ്രകാരം നടപ്പിൽ വരുത്തിയിട്ടുണ്ടെന്നും കരട് ചട്ടം തയ്യാറാക്കിയെങ്കിലും കോഴ്സുകൾ ആരംഭിച്ച് സർവ്വകലാശാല പ്രവർത്തനസജ്ജമായതോടെ കരട് ചട്ടങ്ങളിൽ ഭേദഗതി ആവശ്യമായി വന്നതിനാൽ സമഗ്രമായി വിലയിരുത്തി വേണ്ട മാറ്റങ്ങൾ വരുത്തുന്നതിന് നിയോഗിച്ച സർവ്വകലാശാലാ ഡീനുകൾ ഉൾപ്പെട്ട കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും കരട് റിപ്പോർട്ട് പരിശോധിച്ച് നടപടിക്രമം പാലിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ടെന്നും ടി ആക്റ്റിലെ അദ്ധ്യായം 8 വകുപ്പ് 45-ൽ പറയുന്ന കാര്യങ്ങൾ ഉത്തരവുകൾ പുറപ്പെടുവിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്നും പ്രഥമ സ്റ്റാറ്റ്യൂട്ട് വിജ്ഞാപനം ചെയ്യുന്ന മുറയ്ക്ക് അവശേഷിക്കുന്നവ സംബന്ധിച്ച സ്റ്റാറ്റ്യൂട്ടുകൾ തയ്യാറാക്കുന്നതാണെന്ന്

വിദ്യാഭ്യാസ വകുപ്പുമന്ത്രിയും 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട് നിലവിൽ വന്നതിനെത്തുടർന്ന് 2015-ലെ ആക്ട് റദ്ദാക്കുകയും സംസ്ഥാന നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റിയുടെ പ്രവർത്തനം അവസാനിപ്പിക്കുകയുണ്ടായെന്നും കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനും റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുമുള്ള നടപടി അന്തിമ ഘട്ടത്തിലാണെന്നും നിർദ്ദിഷ്ട അതോറിറ്റി രൂപീകരിക്കുന്നതുവരെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയെ ഇടക്കാല അതോറിറ്റിയായി നിയമിച്ചിട്ടുണ്ടെന്നും തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയും വിശദീകരണം നൽകുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയും പ്രകാരം റൂളിംഗ് നൽകി. *

" 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്ട്, 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്ട്

* XIV KLA X Session Vol. No. 171/No. 10 dated 13.03.2018

എന്നീ നിയമങ്ങൾ പ്രകാരം സംസ്ഥാന സർക്കാർ ചട്ടങ്ങൾ പുറപ്പെടുവിക്കാത്തതുമൂലം ഉളവായ ബുദ്ധിമുട്ടുകൾ സംബന്ധിച്ച പ്രസക്തമായ കാര്യമാണ് ക്രമപ്രശ്നത്തിൽ ഉന്നയിച്ചത്. നിയമം രൂപീകരിക്കപ്പെട്ടതിനുശേഷം ചട്ടങ്ങൾ ഉണ്ടാകുന്നില്ല എന്നത് നിരന്തരം സഭയിൽ ഉന്നയിക്കപ്പെടുന്നത് ഖേദകരമാണ്. സഭ പാസ്സാക്കുന്ന നിയമങ്ങൾ അനുസരിച്ച് യഥാസമയം ചട്ടങ്ങൾ പുറപ്പെടുവിക്കാത്തത് സംബന്ധിച്ച് നിരവധി ക്രമപ്രശ്നങ്ങൾ സഭയിൽ ഉയർന്നുവരികയും അതിന്മേൽ കർശനമായ റൂളിംഗുകൾ നൽകിയിട്ടുള്ളതുമാണ്. നിയമസഭയോ പാർലമെന്റോ പാസ്സാക്കുന്ന നിയമങ്ങൾക്കനുസൃതമായി നിർമ്മിക്കേണ്ട ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കുന്ന കാര്യത്തിൽ അക്ഷന്തവ്യമായ കാലതാമസം ഉണ്ടാകുന്നു എന്നത് ഖേദകരമാണ്. നിലവിൽ ഇക്കാര്യത്തിൽ ചെറിയ പുരോഗതി ഉണ്ടായിട്ടുണ്ടെങ്കിലും ഓരോ നിയമത്തിന്റെയും പേരിൽ ക്രമപ്രശ്നങ്ങൾ ആവർത്തിച്ച് സഭയിൽ ഉയർന്നുവരുന്നതിന് പ്രത്യേകം റൂളിംഗ് നൽകേണ്ടിവരുന്നത് ആശാസ്യകരമല്ല. ഒരു നിയമം പാസ്സാക്കിക്കഴിഞ്ഞാൽ 90 ദിവസത്തിനകം കരട് ചട്ടങ്ങൾ തയ്യാറാക്കി അവ മുൻകൂർ

പരിശോധനയ്ക്കായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന വ്യക്തമായ വ്യവസ്ഥ നിയമസഭാ ചട്ടങ്ങളിലെ ചട്ടം 238-ൽ ഉണ്ടെങ്കിലും അവ പാലിക്കപ്പെടാത്തതിന്റെ കാരണം ഗൗരവപൂർവ്വം പരിശോധിക്കണം. ഇത് ആവർത്തിക്കാതിരിക്കാൻ നടപടിയെടുക്കണം. എല്ലാ ബഹുമാനപ്പെട്ട മന്ത്രിമാരും അവരവരുടെ വകുപ്പിന് കീഴിൽ വരുന്ന നിയമങ്ങൾക്കനുസൃതമായ ചട്ടങ്ങൾ യഥാസമയം പുറപ്പെടുവിക്കാത്തത് സംബന്ധിച്ച് കൃത്യമായി പരിശോധിക്കണമെന്നും നിയമ വകുപ്പ് ഉൾപ്പെടെ എല്ലാ വകുപ്പുകളിലും നിരീക്ഷണ സംവിധാനം ഏർപ്പെടുത്തണമെന്നും വീഴ്ചകൾ കണ്ടെത്തുന്നപക്ഷം ഉത്തരവാദികൾക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും ചെയർ റൂൾ ചെയ്യുന്നു.”